**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1069** **27-07-2021 - ൽ മറുപടിയ്ക്ക്**

**ജൈവവൈപ്പിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് ആർ.ഐ.ഡി.എഫ് XX -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ജൈവവൈപ്പിൻ പദ്ധതിയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നബാർഡ് RIDF XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ജൈവവൈപ്പിൻ പദ്ധതിയുടെ കാലാവധി 31/03/2021 വരെയായിരുന്നു. |
| (ബി) | 13.03.2015 ന് ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | 1) കടമക്കുടി പഞ്ചായത്തിലെ ചെറുകടമക്കുടി പുളിക്കേപ്പറം, മൂരിക്കേക്കര പാടശേഖരത്തിന്റെ അടിസ്ഥാന പ്രവൃത്തികൾ (2) എടവനക്കാട് പഞ്ചായത്തിലെ എടവനക്കാട് വടക്കുംഭാഗം പാടശേഖരത്തിന്റെയും കൊച്ചടപ്പ പാടശേഖരത്തിന്റെയും അടിസ്ഥാന വികസന പ്രവൃത്തികൾ (3) കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി (4) നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി (5) ഈസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി (6)ചക്കരച്ചാൽ പാടശേഖരത്തിന്റെ അടിസ്ഥാന വികസനപ്രവൃത്തി എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (സി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | വീരംപുഴയുടെയും 9 തോടുകളുടെയും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്ന പ്രവൃത്തിയും 9 കാർഷിക അടിസ്ഥാന പ്രവൃത്തികളിൽ 3എണ്ണവും ആണ് പ്രധാനമായും പൂർത്തിയാക്കാനുള്ളത്. ടി പ്രവൃത്തിയ്ക്ക് Kerala Coastal Zone Management Authority (KCZMA)-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാകാത്തതിനാലും, ആർ.ഐ.ഡി.എഫ് XX ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ നിർവ്വഹണ കാലാവധി 31.03.2021-വരെ ആയിരുന്നതിനാലും മേൽ പദ്ധതി ഉപേക്ഷിക്കാൻ കെ.എൽ.ഡി.സി-യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) | ഈ പ്രവൃത്തി നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ | (ഡി) | വീരംപുഴയുടെയും 9 തോടുകളുടെയും അടിഞ്ഞുകൂടിയ |

| | | | |
|---|---|---|---|
| | എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | | മണ്ണ് മാറ്റുന്ന പ്രവൃത്തിയും 9 കാർഷിക അടിസ്ഥാന പ്രവൃത്തികളിൽ 3എണ്ണവും ആണ് പ്രധാനമായും പൂർത്തിയാക്കാനുള്ളത്. ടി പ്രവൃത്തിയ്ക്ക് Kerala Coastal Zone Management Authority (KCZMA)-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാകാത്തതിനാലും, ആർ.ഐ.ഡി.എഫ് XX ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ നിർവ്വഹണ കാലാവധി 31.03.2021-വരെ ആയിരുന്നതിനാലും മേൽ പദ്ധതി ഉപേക്ഷിക്കാൻ കെ.എൽ.ഡി.സി-യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (ഇ) | ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഇ) | വീരംപുഴയുടെയും 9 തോടുകളുടെയും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്ന പ്രവൃത്തിയും 9 കാർഷിക അടിസ്ഥാന പ്രവൃത്തികളിൽ 3എണ്ണവും ആണ് പ്രധാനമായും പൂർത്തിയാക്കാനുള്ളത്. ടി പ്രവൃത്തിയ്ക്ക് Kerala Coastal Zone Management Authority (KCZMA)-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാകാത്തതിനാലും, ആർ.ഐ.ഡി.എഫ് XX ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ നിർവ്വഹണ കാലാവധി 31.03.2021-വരെ ആയിരുന്നതിനാലും മേൽ പദ്ധതി ഉപേക്ഷിക്കാൻ കെ.എൽ.ഡി.സി-യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ